**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5631** **29.07.2015 ന് മറുപടിയ്ക്ക്**

**ഡീ-അഡിക്ഷൻ സെന്റർ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ടി.എൻ. പ്രതാപൻ<br>,, അൻവർ സാദത്ത്<br>,, ബെന്നി ബെഹനാൻ<br>,, വി.പി.സജീന്ദ്രൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| (എ) ഡീ-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br><br>(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;<br><br>(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (എ), (ബി) & (സി) | ഡീ-അഡിക്ഷൻ സെന്ററുകൾ നേരിട്ട് സ്ഥാപിക്കാൻ പദ്ധതികൾ എക്സൈസ് വകുപ്പ് രൂപീകരിച്ചിട്ടില്ല. എന്നാൽ ലഹരി വിമുക്ത ചികിൽസാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന അമിത മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയിൽ നിന്നും കേരള സമൂഹത്തെ വിമുക്തമാക്കുക, മദ്യ—മയക്കുമരുന്നുകൾക്ക് അടിമകളായവരെ ലഹരിവിമുക്ത ചികിത്സയിലൂടെ വീണ്ടും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരികെ കൊണ്ട് വരിക എന്നിവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പൂർണ്ണമായ മേൽനോട്ട ചുമതല സംസ്ഥാന എക്സൈസ് വകുപ്പിനാണ്. ഈ പ്രവർത്തനങ്ങളുടെ സംസ്ഥാനതല ഏകോപന ചുമതല ബോധവൽക്കരണ വിഭാഗം ജോയിന്റ് എക്സൈസ് കമ്മീഷണർക്കാണ്. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി അനുവദിക്കുന്ന തുകയിൽ നിന്നാണ് ധനസഹായം നൽകുന്നത്. സംസ്ഥാനതലത്തിലും, ജില്ലാതലങ്ങളിലും രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ പരിശോധനകൾക്ക്ശേഷം അർഹമായ സ്ഥാപനങ്ങളെ കണ്ടെത്തി ധനസഹായം അനുവദിക്കുകയാണ് ചെയ്തു വരുന്നത്. സർക്കാർ — സർക്കാരിതര സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ലഹരി വിമുക്ത ചികിത്സ സംബന്ധിച്ച ചെലവുകൾക്കും ഇത്തരം സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ലഹരിവിമുക്ത ക്യാമ്പുകൾക്കുമാണ് ഈ പദ്ധതി വഴി ധനസഹായം നൽകി വരുന്നത്. |

Raine.V

**സെക്ഷൻ ഓഫീസർ**